### • കെഎസ്എഫ്ഇയെ പിഴിയുന്നു

# 200 കോടി വായ്പയെടുത്ത് സർക്കാരിന് നൽകും

വി എം രാധാകൃഷ്ണൻ

തൃശൂർ: സാമ്പത്തിക പ്രതിസന്ധി നേരിടാൻ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിനെ (കെഎസ്എഫ്ഇ) സർക്കാർ പിഴിയുന്നു. ധനവകുപ്പിന്റെ നിരന്തര സമ്മർദത്തെത്തുടർന്ന് 200 കോടി രൂപ ബാങ്ക് വായ്പയെടുത്ത് ട്രഷറിയിൽ അടയ്ക്കാൻ കെഎസ്എഫ്ഇ ഡയറക്ടർബോർഡ് യോഗം തീരുമാനിച്ചു. കെഎസ്എഫ്ഇ ഇതിനകം ട്രഷറിയിൽ നിക്ഷേപിച്ച 2300 കോടി രൂപയ്ക്ക് പുറമെയാണിത്. സാധാരണക്കാർക്ക് വായ്പ കൊടുക്കാനുള്ള തുകയാണ് കെഎസ്എഫ്ഇയിൽനിന്ന് സർക്കാർ ഊറ്റിയെടുക്കുന്നത്. സ്ഥാപനത്തിന്റെ സാമ്പത്തിക അടിത്തറ തകർക്കുന്ന നടപടിയാണിത്. ധനമന്ത്രി നേരിട്ട് ഇടപെട്ടാണ് ഇക്കാര്യം ആവശ്യപ്പെട്ടതെന്ന് അറിയുന്നു.

ചിട്ടി സെക്യൂരിറ്റി ഡിപ്പോസിറ്റായി 1500 കോടി രൂപ കെഎസ്എഫ്ഇ ട്രഷറിയിൽ ഇതിനകം നിക്ഷേപിച്ചിട്ടുണ്ട്. 800 കോടി രൂപ സാധാരണ നിക്ഷേപമായും ട്രഷറിയിലുണ്ട്. ഒമ്പതര ശതമാനം പലിശയ്ക്ക് നിക്ഷേപം സ്വീകരിക്കുന്ന കെഎസ്എഫ്ഇ അതിനേക്കാൾ കുറഞ്ഞ പലിശയ്ക്കാണ് സർക്കാരിനെ സഹായിക്കാനെന്ന പേരിൽ ട്രഷറിയിൽ നിക്ഷേപിച്ചത്.

കേന്ദ്ര ചിട്ടി നിയമം നിലവിൽ വന്ന 2012 ഏപ്രിലിനുശേഷം ചിട്ടി സെക്യൂരിറ്റിയായി നിക്ഷേപിച്ച 850 കോടിക്ക് പലിശയുമില്ല. കേന്ദ്ര നിയമപ്രകാരമുള്ള സെക്യൂരിറ്റി എന്ന പേരിലാണ് പലിശ നിഷേധിക്കുന്നത്. ഇത് മറികടക്കാൻ സർക്കാരിന് ഓർഡിനൻസിലൂടെ സാധ്യമാണെങ്കിലും കെഎസ്എഫ്ഇയെ സഹായിക്കാൻ ധനവകുപ്പ് തയ്യാറായിട്ടില്ല.

കൂടുതൽ സാമ്പത്തികസഹായം നൽകണമെന്ന് സർക്കാർ കേരള കോൺഗ്രസ് എം പ്രതിനിധി ചെയർമാനായ കെഎസ്എഫ്ഇ മാനേജ്മെന്റിൽ സമ്മർദം ചെലുത്തുകയാണ്. ഇതിന്റെ ഭാഗമാണ് 200 കോടി രൂപ നൽകാൻ തീരുമാനം. നേരത്തേ സഹകരണ ബാങ്കുകളിൽനിന്ന് 1800 കോടി രൂപ ട്രഷറിയിൽ അടപ്പിക്കാനുള്ള നീക്കവും സർക്കാർ നടത്തിയിരുന്നു.

കെഎസ്എഫ്ഇയുടെ ട്രഷറി നിക്ഷേപത്തിന്റെ രേഖകൾ തൃശൂരിലെ സ്വകാര്യ ബാങ്കിൽ പണയംവച്ചാണ് 200 കോടി രൂപ നൽകാൻ ഡയറക്ടർബോർഡ് തീരുമാനിച്ചത്. യോഗത്തിൽ. ചെയർമാൻ പി ടി ജോസ് അധ്യക്ഷനായി. ഈ സംഖ്യക്ക് മുതലോ പലിശയോ തിരിച്ചുകിട്ടുമെന്ന് ഉറപ്പില്ല.

കെഎസ്എഫ്ഇയെ കൂടുതൽ സാമ്പത്തികബാധ്യതയിലാക്കുന്ന നടപടിയാണ് സർക്കാരും കെഎസ്എഫ്ഇ മാനേജ്മെന്റും നടത്തുന്നതെന്ന് ജീവനക്കാരുടെ സംഘടനകൾ കുറ്റപ്പെടുത്തുന്നു.